136 (155) കെ.റ്റി.ഡി.സി.യുടെ കീഴിലുള്ള സ്ഥാപനങ്ങൾ

ശ്രീ. കെ.കുട്ടി അഹമ്മദ്കുട്ടി :
ശ്രീ. കെ.പി.എ.മജീദ് :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.റ്റി.ഡി.സി.യുടെ കീഴിൽ സംസ്ഥാനത്തിനകത്തും പുറത്തുമായി ഏതെല്ലാം സ്ഥാപനങ്ങൾ എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) കെ.റ്റി.ഡി.സി.യുടെ കീഴിലുള്ള ഏതെങ്കിലും സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾ എന്തെല്ലാം കാരണത്താൽ നിർത്തലാക്കിയെന്ന് വ്യക്തമാക്കാമോ;

(സി) കെ.റ്റി.ഡി.സി. നടത്തുന്ന ഭക്ഷണ-പാനീയമേളകൾ നഷ്ടത്തിലാണോ; എങ്കിൽ അതിനുള്ള കാരണം അന്വേഷിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) വിശദവിവരം അനുബന്ധം ഒന്നിൽ കൊടുത്തിട്ടുണ്ട്.*

(ബി) കെ.റ്റി.ഡി.സി.യിൽ 22 സ്ഥാപനങ്ങൾ നിർത്തലാക്കിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ പേര് അനുബന്ധം 2-ൽ കൊടുത്തിട്ടുണ്ട്.** മേൽ കാണിച്ചിട്ടുള്ള സ്ഥാപനങ്ങൾ ലാഭകരമായി നടത്താനാവില്ലെന്ന് കണ്ടതിനാലും വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവയുടെ പ്രവർത്തനം വിപുലീകരിക്കാനുള്ള സാദ്ധ്യതകൾ ഇല്ലാത്തതിനാലുമാണ് നിർത്തലാക്കാൻ ബോർഡ് തീരുമാനം എടുത്തത്. കണ്ണൂരിൽ പ്രവർത്തിക്കുന്ന യാത്രിനിവാസ് മോട്ടൽ ആരാം, റെസ്റ്റോറന്റ്/ബിയർ പാർലർ, പയ്യന്നൂർ എന്നീ മൂന്നു സ്ഥാപനങ്ങളുടെ പ്രവർത്തനം കാഷ്വൽ ജീവനക്കാരുടെ സമരംമൂലം തൽക്കാലം നിർത്തിവച്ചിരിക്കുകയാണ്.

(സി) കെ.റ്റി.ഡി.സി.യിൽ നടത്തുന്ന ഭക്ഷണപാനീയമേളകൾ ലാഭത്തിലാണ് നടത്തുന്നത്.

137 (156) കെ.റ്റി.ഡി.സി.യിലെ നിയമനരീതി

ശ്രീ. എം.കെ.മുനീർ :
ശ്രീ. സി.മോയിൻകുട്ടി :
ശ്രീ. സി.ടി.അഹമ്മദ് അലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.റ്റി.ഡി.സി.യിലെ ഉദ്യോഗസ്ഥ നിയമനരീതി വിശദീകരിക്കുമോ;

(ബി) പല തസ്തികകളിലും യോഗ്യത ഇല്ലാത്തവരെ നിയമിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* അനുബന്ധം XXVIII (a,b)

** അനുബന്ധം XXVIII (a,b)

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓരോ തസ്തികയിലേക്കുമുള്ള യോഗ്യത നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഡി) നിയമനങ്ങളിൽ വൻ അഴിമതിയും സ്വജനപക്ഷപാതവും നടക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതേക്കുറിച്ച് അന്വേഷണം നടത്തി ആവശ്യമായ തുടർ നടപടി സ്വീകരിക്കുമോ;

(എഫ്) കെ.റ്റി.ഡി.സി.യിലെ നിയമനം പൂർണ്ണമായി പി.എസ്.സി.ക്ക് വിടാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.റ്റി.ഡി.സി.യിൽ പി.എസ്.സി. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് തുടങ്ങിയവ മുഖേനയാണ് നിയമനം നടത്തുന്നത്. കൂടാതെ പ്രത്യേക സാങ്കേതിക വൈദഗ്ധ്യം വേണ്ട ചില തസ്തികകളിൽ നേരിട്ടും നിയമനം നടത്തുന്നു. നേരിട്ട് നിയമനം നടത്തുന്ന അവസരത്തിൽ കോർപ്പറേഷന്റെ സർവ്വീസ്റൂൾ പ്രകാരം പ്രമുഖ ദിനപ്പത്രങ്ങളിൽ പരസ്യം നൽകിയാണ് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കാറുള്ളത്.

(ബി) ഇല്ല.

(സി) ഉണ്ട്. യോഗ്യത സംബന്ധിച്ച ഉത്തരവുകൾ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല

(എഫ്) കെ.റ്റി.ഡി.സി.യിൽ ഉയർന്ന തസ്തികകൾ അല്ലാതെയുള്ള സ്റ്റാഫ് കാറ്റഗറി നിയമനങ്ങളെല്ലാം തന്നെ പൂർണ്ണമായും പി.എസ്.സി. മുഖേനയും വർക്കർ കാറ്റഗറി തസ്തികകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുമാണ് നടത്തുന്നത്.

138(157) കെ.റ്റി.ഡി.സി. നല്കാനുള്ള ശമ്പളകുടിശ്ശിക

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി.റ്റി. അഹമ്മദ് അലി :
ശ്രീ. എ.വി.അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.റ്റി.ഡി.സി. ഇപ്പോൾ ലാഭത്തിലാണോ പ്രവർത്തിക്കുന്നത്;

(ബി) കെ.റ്റി.ഡി.സി.യിൽ ശമ്പള പരിഷ്കരണം എന്നാണ് നടപ്പാക്കിയതെന്ന് വെളിപ്പെടുത്തുമോ;

(സി) ശമ്പളകുടിശ്ശികയുണ്ടോ; എങ്കിൽ എന്നുമുതൽ ഉള്ള കുടിശ്ശിക നൽകുവാനുണ്ട്; കുടിശ്ശിക നല്കാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1999-2000 വരെയുള്ള പ്രൊവിഷണൽ കണക്ക് പ്രകാരം കെ.റ്റി.ഡി.സി. ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly